ജില്ലാ ആസ്ഥാന ആയുർവേദ ആശുപത്രികളിലെ കിടക്കകൾ

32 [62] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ജില്ലാ ആസ്ഥാന ആയുർവേദ ആശുപത്രികളിൽ ചുരുങ്ങിയത് എത്ര കിടക്കകൾ വേണമെന്നാണ് വ്യവസ്ഥയുള്ളത്;

(ബി) ഓരോ ജില്ലാതലസ്ഥാനങ്ങളിലുമുള്ള ഗവൺമെന്റ് ആയുർവേദ ആശുപത്രികളിൽ ഓരോന്നിലും ഇപ്പോഴത്തെ അനുവദിക്കപ്പെട്ടിട്ടുള്ള കിടക്കകളുടെ എണ്ണം എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) കോഴിക്കോട് ജില്ലാ ആയുർവേദ ആശുപത്രിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള കിടക്കകളുടെ എണ്ണം തികച്ചും അപര്യാപ്തമാണെന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രത്യേകമായി വ്യവസ്ഥകൊന്നും നിശ്ചയിച്ചിട്ടില്ല.

(ബി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ എന്നീ ജില്ലാതലസ്ഥാനങ്ങളിലുള്ള ആയുർവേദ ആശുപത്രികളിൽ ഓരോന്നിലും 50 കിടക്കകൾ വീതമാണ്. കോഴിക്കോട്, വയനാട്, കാസർകോട് എന്നീ ജില്ലാതലസ്ഥാനങ്ങളിലുള്ള ആയുർവേദ ആശുപത്രികളിൽ യഥാക്രമം 10, 20, 10 കിടക്കകൾ വീതമുണ്ട്. മലപ്പുറത്ത് ജില്ലാ ആശുപത്രിയുടെ പദവിയിൽ ആയുർവേദ ആശുപത്രിയില്ല. എന്നാൽ 10 കിടക്കകൾ ഉള്ള ഒരു ആശുപത്രി നിലവിലുണ്ട്. പത്തനംതിട്ടയിലും, ഇടുക്കിയിലും ജില്ലാ ആയുർവേദ ആശുപത്രികൾ ഇല്ല.

(സി) ഉണ്ട്.

(ഡി) ധനലഭ്യതയനുസരിച്ച് പരിഗണിക്കുന്നതാണ്.

നഴ്സിംഗ് വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പെൻഡ്

33 [63] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഴ്സിംഗ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വളരെ നാളുകളായി സ്റ്റൈപ്പെൻഡ് കിട്ടാറില്ലായെന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര നഴ്സിംഗ് വിദ്യാർത്ഥികളുണ്ട്;

(സി) ഇവർക്ക് എത്ര രൂപ വീതമാണ് സ്റ്റൈപ്പെൻഡ് നൽകി വരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly